നിയമസഭാ കയ്യാങ്കളി കേസിൽ, ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഹാജരായതുമായി ബന്ധപ്പെട്ട് യാതൊരു ബില്ലുകളും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സംസ്ഥാനസർക്കാർ അഭിഭാഷകരാണ് ഹാജരായത്. പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

നോട്ടറി അഭിഭാഷക തസ്തിക

97(5256) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാർ അനുവദിച്ച എത്ര നോട്ടറി അഭിഭാഷക തസ്തികയാണുള്ളതെന്ന് വ്യക്തമാക്കാമോ?

1250 എണ്ണം.

(ബി) സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

6-6-2018-ൽ കേന്ദ്രസർക്കാരിന് അന്ന് നിലവിലുണ്ടായിരുന്ന 1000 എണ്ണത്തിൽനിന്നും 1500 എണ്ണമായി സംസ്ഥാന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും കേന്ദ്രസർക്കാരിന്റെ 23-8-2018-ലെ ജി.എസ്.ആർ. 815(E) നോട്ടിഫിക്കേഷൻ പ്രകാരം 1000-ൽനിന്നും 1250 ആയി സംസ്ഥാന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിജ്ഞാപനത്തിനുശേഷം നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടില്ല.

(സി) നിലവിൽ ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികകളുടെ എണ്ണം വെളിപ്പെടുത്താമോ?

നോട്ടറി അഭിഭാഷകരുടെ തസ്തികകൾക്ക് ജില്ലതിരിച്ച് എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന് ലഭ്യമാകുന്ന ക്വാട്ടയിൽനിന്ന് വിവിധ ജില്ലകളിലെ ആവശ്യാനുസരണം നിയമനം നൽകുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly